**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - തിരുവനന്തപുരം കോർപ്പറേഷൻ - മേയറുടെ പി.എ തസ്തികയിൽ അനുവദിച്ച അന്യത്ര സേവന കാലാവധി ദീർഘിപ്പിയ്ക്കുന്നത് -ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ(സാധാ)നം. 484/2019/തസ്വഭവ തിരുവനന്തപുരം,തീയതി, 02/02/2019

==========================================================

പരാമർശം:- 1.02/07/2016-ലെ സ.ഉ(സാധാ)നം.2056/2016/തസ്വഭവ നം. ഉത്തരവ്.

2.5/01/2018 -ലെ സ.ഉ(സാധാ)നം.240/2018/തസ്വഭവ നം. ഉത്തരവ്.

3.ശ്രീ പി.വി.ജിൻരാജിന്റെ 20/05/2018 ലെ അപേക്ഷ.

4.കാർഷിക വികസന ക്ഷേമ ഡയറക്ടറുടെ 07/02/2018 ലെ എസ്.ഡി(4)5731/2016 നമ്പർ കത്ത്.

5.നഗരകാര്യ ഡയറക്ടറുടെ 11/01/2019 -ലെ ഇ 6-38275/2017 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്ന്, രണ്ട് ഉത്തരവ് പ്രകാരം കുഞ്ഞുപറമ്പ് കൃഷിഭവനിൽ അഗ്രിക്കൾച്ചർ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പി.വി.ജിൻരാജ് എന്ന ജീവനക്കാരനെ തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിയ്ക്കുകയും ടി അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിയ്ക്കുകയും ചെയ്തിരുന്നു.

ടി അന്യത്ര സേവനം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിയ്ക്കുന്നതിലേയ്ക്ക് പരാമർശം മൂന്ന് പ്രകാരം ശ്രീ പി.വി.ജിൻരാജ് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറും നഗരകാര്യ ഡയറക്ടറും പരാമർശം നാല്, അഞ്ച് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ പി.വി.ജിൻരാജ് എന്ന ജീവനക്കാരന് തിരുവനന്തപുരം നഗരസഭ മേയറുടെ പി.എ. തസ്തികയിൽ അനുവദിച്ച അന്യത്ര സേവന കാലാവധി കേരള സേവന ചട്ടങ്ങൾ ഭാഗം 1 ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക്

ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെൻറിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ വിലക്ക് ഏർപ്പെടുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ് മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ പി.വി.ജിൻരാജ്, പി.എ ടു മേയർ, തിരുവനന്തപുരം കോർപ്പറേഷൻ.(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**